## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6560.** **03.04.2018 ൽ മറുപടിയ്ക്ക്**

## നിലമ്പൂർ മണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി.അൻവർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2017 ജനുവരി മുതൽ നിലമ്പൂർ മണ്ഡലത്തെ കേന്ദ്രീകരിച്ച് ഏതൊക്കെ രീതിയിലുള്ള ലഹരി വിരുദ്ധ കാംപയിൻ പ്രവർത്തനങ്ങളും പരിശോധനയുമാണ് നടന്നതെന്ന് വിശദമാക്കാമോ; | (എ) | 2017 ജനുവരി മുതൽ 26/03/2018 വരെയുള്ള കാലയളവിൽ നിലമ്പൂർ മണ്ഡലത്തെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, പട്ടികജാതി വർഗ്ഗ പിന്നാക്ക വിഭാഗ കോളനികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുമുള്ള ജനവിഭാഗങ്ങൾക്കിടയിൽ വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ, ലഹരിക്കെതിരെ യുവജന സംഗമം, യുവജന ജാഗ്രതാ സമിതി രൂപീകരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വ്യാജ മദ്യം നിയന്ത്രിക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരണം, നിലമ്പൂർ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് വിവരശേഖരണം, ബോധവത്കരണം, ക്ലബ്ബുകളുടെ രൂപീകരണം, മെഡിക്കൽ ക്യാമ്പ്, വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് സഹായ ധന വിതരണം, പി.എസ്.സി. പരീക്ഷാ പരിശീലന ക്യാമ്പ്, ബോധവത്കരണ നാടക അവതരണം എന്നിങ്ങനെ വൈവിധ്യമാർന്ന 182 പരിപാടികൾ മേൽ കാലയളവിൽ നിലമ്പൂർ കേന്ദ്രമാക്കി നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി-കഞ്ചാവ് മാഫിയകൾ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്താൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരിക്കായി ഉപയോഗിക്കാനാകുന്ന പദാർത്ഥങ്ങൾ ഒന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്താനായി എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നുണ്ട്. സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ പകരാനുമായി. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ . സേവനം കാര്യക്ഷമമായി ഉപയോഗിച്ച് കൊണ്ട് അവരുടെ ഇടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**